


السَّـــــــلَامُ عَلَيْـكُم وَرَحْمَةُ اللهِ وَبَرَكَـاتُه

بسم الله والحمد لله والصلاة والسلام على رسول الله وعلى آله وصحبه ومَن والاه وبعد

നാമേവരും ഖുർആൻ പാരായണം ചെയ്യുന്നവരാണ്. 30 ജുസൂഅ് പൂർത്തിയാക്കി ഖത്തം ഓതി തീർക്കുന്നവരാണ് . പക്ഷെ നമ്മളിൽ പലരും ഖുർആനിൽ ചില ചിഹ്നങ്ങൾ ഉള്ള സ്ഥലം എങ്ങനെ പാരായണം ചെയ്യണം എന്നറിയാത്തവരാണ്.

കൂടുതൽ വിശദീകരങ്ങളിലേക്കു കടക്കുന്നില്ല . ഖുർആനിൽ അത്തരത്തിൽ വന്നിട്ടുള്ള ചിഹ്നങ്ങളെ പരിചയപ്പെടാം .




സ്വിലാ എന്ന ഈ ചിഹ്നം അൽ വസ്‌ലു അവ്‌ ലാ - കൂട്ടിച്ചേർത്തു ഓതലാണ് ഏറ്റവും നല്ലത് എന്നതിന്റെ ചുരുക്ക രൂപമാണിത് .

ഇതിന്റെ വിവക്ഷ , ഇത് വഖ്ഫ് അനുവദനീയമായിട്ടുള്ള ഒരു സ്ഥലമാണെങ്കിലും അവിടെ നിർത്തി ഓതുന്നതിനേക്കാൾ ഉത്തമം ചേർത്തി ഓതലാണ് എന്നുമാണ്.

ഉദാഹരണമായി സൂറത്തു യാസീനിലെ 26 ആം വചനം,

قِيلَ ٱدْخُلِ ٱلْجَنَّةَ ۖ قَالَ يَٰلَيْتَ قَوْمِى يَعْلَمُونَ ﴿٢٦﴾

قِيلَ ادْخُلِ الْجَنَّةَ ۖ قَالَ يَا لَيْتَ قَوْمِي يَعْلَمُونَ

ഇവിടെ, "ജന്ന" എന്ന ഭാഗത്തു നിർത്തി അടുത്ത ഭാഗം ഓതാമെകിലും, നിർത്താതെ ചേർത്തി ഓതലാണ് ഉത്തമം.

മറ്റൊരു കാര്യം കൂടി., ഇനി ഒരാൾ അവിടെ വഖ്ഫ് ചെയ്തു ഓതിയെങ്കിൽ അടുത്ത ഭാഗം തൊട്ട് ഓതിയാൽ മതിയാകും . മുൻ ഭാഗം വീണ്ടും ഓതേണ്ടതില്ല.

ഖുർആനിൽ പല സ്ഥലങ്ങളിലും ഇത്തരത്തിലുള്ള ചിഹ്നം കാണാൻ സാധിക്കും .

മറ്റൊരുദാഹരണം നോക്കാം:

*സൂറത്തുൽ ബഖറയിലെ 38 ആം ആയത്ത്*

قُلْنَا ٱهْبِطُوا۟ مِنْهَا جَمِيعًا ۖ فَإِمَّا يَأْتِيَنَّكُم مِّنِّى هُدًى فَمَن تَبِعَ هُدَاىَ
فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٣٨﴾

ഇവിടെ, قُلْنَا اهْبِطُوا مِنْهَا جَمِيعًا ۖ എന്ന ഭാഗത്ത് നിർത്തി, അടുത്ത ഭാഗം ഓതൽ അനുവദനീയമാണ്.. എന്നാൽ നിർത്താതെ ചേർത്തി ഓതലാണ് ഉത്തമം.




'ഖിലാ' എന്ന് ചുരുക്കി വിളിക്കാവുന്ന ഈ ചിഹ്നം അൽ വഖഫു അവ് ലാ മിനൽ വസ്വൽ അഥവാ ചേർത്തി ഓതുന്നതിനേക്കാൾ ഉത്തമം നിർത്തി ഓതലാകുന്നു എന്നതിന്റെ ചുരുക്ക രൂപമാണ്.

*ഉദാഹരണം സൂറത്തുൽ കഹ്ഫിലെ 17ആം ആയത്തിൽ,*

۞ وَتَرَى ٱلشَّمْسَ إِذَا طَلَعَت تَّزَٰوَرُ عَن كَهْفِهِمْ ذَاتَ ٱلْيَمِينِ وَإِذَا غَرَبَت تَّقْرِضُهُمْ
ذَاتَ ٱلشِّمَالِ وَهُمْ فِى فَجْوَةٍ مِّنْهُ ۚ ذَٰلِكَ مِنْ ءَايَٰتِ ٱللَّهِ ۗ مَن يَهْدِ ٱللَّهُ فَهُوَ ٱلْمُهْتَدِ ۖ
وَمَن يُضْلِلْ فَلَن تَجِدَ لَهُۥ وَلِيًّا مُّرْشِدًا ﴿١٧﴾

ഇവിടെ ذَٰلِكَ مِنْ آيَاتِ اللَّهِ എന്ന സ്ഥലത്തു നിർത്താതെ തുടർന്ന് ഓതൽ അനുവദനീയമാണെങ്കിലും, അവിടെ നിർത്തി ഓതലാണ് നല്ലത്.

**മറ്റൊരുദാഹരണം നോക്കാം:**

***സൂറത്തുൽ ബഖറയിലെ 205 ആം വചനം,***

وَإِذَا تَوَلَّىٰ سَعَىٰ فِي ٱلْأَرْضِ لِيُفْسِدَ فِيهَا وَيُهْلِكَ ٱلْحَرْثَ وَٱلنَّسْلَ ۗ وَٱللَّهُ لَا يُحِبُّ ٱلْفَسَادَ ﴿٢٠٥﴾

ഇവിടെ, وَيُهْلِكَ ٱلْحَرْثَ وَٱلنَّسْلَ എന്ന സ്ഥലത്ത് വഖ്ഫ് ചെയ്യാതെ തുടർന്ന് ഓതൽ അനുവദനീയമാണ്,, എന്നാൽ അവിടെ നിർത്തി ഓതലാണ് ഉത്തമം..

ഇനി നമുക്ക്, മുസ്ഹഫിൽ കാണാറുള്ള മറ്റൊരു ചിഹ്നം നോക്കാം..

»»




ജീമ് എന്ന ചിഹ്നം ജാഇസ് അഥവാ അനുവദനീയം എന്നതിനെയാണ് കുറിക്കുന്നത്. ഇവിടെ വഖ്ഫ് അനുയോജ്യവും , അനുവദനീയവുമായ സ്ഥലമാണ്. ഇവിടെ ചേർത്ത് ഓതൽ കൊണ്ടും കുഴപ്പമില്ല. നിർത്തി ഓതലാണ് ഏറ്റവും നല്ലതെന്നോ അതല്ല ചേർത്ത് ഓതലാണോ ഏറ്റവും അനുയോജ്യമെന്നോ പ്രത്യേകം പറയാനില്ലാത്ത സ്ഥലങ്ങളിലാണ് ഈ ചിഹ്നം നൽകിയിട്ടുള്ളത്.

*ഉദാഹരണം സൂറത്തു യാസീനിലെ 38 ആം വചനം:*

وَٱلشَّمْسُ تَجْرِى لِمُسْتَقَرٍّ لَّهَا ۚ ذَٰلِكَ تَقْدِيرُ ٱلْعَزِيزِ ٱلْعَلِيمِ ٣٨

ഇവിടെ لِمُسْتَقَرٍّ لَّهَا ۚ ذَٰلِكَ تَقْدِيرُ എന്നതിലെ ലഹാ കഴിഞ്ഞു നിർത്തി ഓതാം , ലഹാ കഴിഞ്ഞു നിർത്താതെ ദാലിക്ക എന്ന ഭാഗം ചേർത്തോതി ആ ആയത്ത് പൂർത്തീകരിക്കാം. രണ്ടും അനുവദനീയമാണ്.




"ലാ" എന്ന ഈ അടയാളം "ലാ തഖ്ഫ്" അഥവാ ഇവിടെ വഖ്ഫ് ചെയ്യാൻ പാടില്ല എന്ന അർത്ഥമാണ് സൂചിപ്പിക്കുന്നത്.

ശ്വാസക്കുറവ് പോലെയുള്ള നിർബന്ധിത സാഹചര്യങ്ങളിലല്ലാതെ ഇഷ്ടാനുസരണം വഖ്ഫ് ചെയ്യാൻ പാടില്ല. ഇനി ഈ ചിഹ്നം വരുന്നിടത്തു നിർത്തുന്ന പക്ഷം വീണ്ടും ഓതി തുടങ്ങുമ്പോൾ തൊട്ടു മുൻപിലുള്ള ആയത്തുകൂടി അർഥം യോജിക്കുന്ന രീതിയിൽ ചേർത്തോതേണ്ടതാണ് .

ഉദാഹരണം

*സൂറത്തു സുമറിലെ 33 ആം ആയത്തിൽ:*

وَٱلَّذِى جَآءَ بِٱلصِّدْقِ وَصَدَّقَ بِهِۦٓ ۙ أُو۟لَـٰٓئِكَ هُمُ ٱلْمُتَّقُونَ ٣٣

ഇവിടെ " وَصَدَّقَ بِهِ " കഴിഞ്ഞ് " أُولَٰئِكَ " എന്ന വാക്കു കൂടി ചേർത്തോതണം.

ഈ ചിഹ്നം നൽകിയിട്ടുള്ളത് അർഥം അപൂർണ്ണമായ സ്ഥലങ്ങളിലാണ്. ചിലർ "ലാ" എന്ന ചിഹ്നം വന്നിടത്ത് അർഥം പൂർണ്ണമായും വന്നെന്നു കരുതി നിർത്താറുണ്ട്. അത് തെറ്റിദ്ധാരണയാണ്. ചേർത്തോതുകയാണ് വേണ്ടത്.

ചില മുസ്ഹഫുകളിൽ ആയത്തിന്റെ അവസാനം ആണ് ലാ എന്ന ചിഹ്നം കാണുന്നത്. അവിടെ ആ ആയത്ത് നിർത്തി അടുത്ത ആയത്ത് ഓതുകയാണ് വേണ്ടത് എന്നാണ് ബഹുഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളത്.

*മറ്റൊരുദാഹരണം:*

*സൂറത്തുൽ മാഇദ - 54ആം ആയത്ത്*

وَيَقُولُ ٱلَّذِينَ ءَامَنُوٓا۟ أَهَٰٓؤُلَآءِ ٱلَّذِينَ أَقْسَمُوا۟ بِٱللَّهِ جَهْدَ أَيْمَٰنِهِمْ ۙ إِنَّهُمْ لَمَعَكُمْ ۚ حَبِطَتْ أَعْمَٰلُهُمْ
فَأَصْبَحُوا۟ خَٰسِرِينَ ٥٣

ഇവിടെ, أَيْمَانِهِمْ എന്ന പദം കഴിഞ്ഞാലുടൻ വഖ്ഫ് ചെയ്യാൻ പാടില്ല. മറിച്ച്, അവിടെ വഖ്ഫ് ചെയ്യാതെ ചേർത്ത് ഓതുകയാണ് വേണ്ടത്..




**ഈ രീതിയിൽ മീം എന്ന അക്ഷരം വന്നെങ്കിൽ ആ ഭാഗത്തു വഖ്ഫ് ചെയ്യൽ അനിവാര്യമാണ് എന്നതിനെയാണ് സൂചിപ്പിക്കുന്നത്.**

**നിർത്താതെ ചേർത്തോതുമ്പോൾ അർത്ഥത്തിൽ തെറ്റിദ്ധാരണ വരാൻ സാധ്യത ഉള്ള സ്ഥലങ്ങളിലാണ് ഈ ചിഹ്നം നൽകിയിട്ടുള്ളത്.**

***ഉദാഹരണം സൂറത്തു യാസീനിലെ 76 ആം വചനത്തിൽ:***

فَلَا يَحْزُنكَ قَوْلُهُمْ ۘ إِنَّا نَعْلَمُ مَا يُسِرُّونَ وَمَا يُعْلِنُونَ ﴿٧٦﴾

**ഈ ഭാഗത്ത് "قَوْلُهُمْ" കഴിഞ്ഞു നിർത്തി, ശേഷം അടുത്ത വാക്കായ "إِنَّا نَعْلَمُ" എന്ന ഭാഗം മുതൽ ഓതലാണ് വേണ്ടത്.**

**ഈ സ്ഥലത്തു നിർത്താതെ ചേർത്തോതുന്നത് ശിക്ഷാർഹമായ ഹറാം ആണ് എന്നല്ല ഇതിനർത്ഥം . എങ്കിലും ഖുർആൻ ഓതുമ്പോൾ പാലിക്കപ്പെടേണ്ട മര്യാദകളിൽ ഈ ഭാഗത്തു നിർത്തി ഓതലാണ് അഭികാമ്യം.**

***മറ്റൊരുദാഹരണം : സൂറത്തുൽ അൻആം 36 ആം വചനം***

۞ إِنَّمَا يَسْتَجِيبُ ٱلَّذِينَ يَسْمَعُونَ ۘ وَٱلْمَوْتَىٰ يَبْعَثُهُمُ ٱللَّهُ ثُمَّ إِلَيْهِ يُرْجَعُونَ ﴿٣٦﴾

**ഇവിടെ, " يَسْمَعُونَ " എന്ന ഭാഗത്തു വഖ്ഫ് ചെയ്ത്, ബാക്കിയുള്ള ഭാഗം പാരായണം ചെയ്യുകയാണ് വേണ്ടത്.**


***ഇവിടെ വഖ്ഫ് ചെയ്യുമ്പോൾ, വീണ്ടും പിറകിലേക്ക് പോയി ഓതി വന്ന ഭാഗം തന്നെ കൂട്ടിയോതേണ്ടതില്ല.. വഖ്ഫ് ചെയ്തതിനു ശേഷമുള്ള ഭാഗം മുതൽ പാരായണം ചെയ്തു തുടങ്ങിയാൽ മതിയാകും..***




വഖ്ഫ് അനിവാര്യമെന്ന് സൂചിപ്പിക്കുന്ന മീം എന്ന അക്ഷരത്തിനു വ്യത്യസ്തമായി താഴോട്ട് വാൽ നീട്ടിയ ഒരു മീം ചിഹ്നം മുസ്ഹഫുകളിൽ കാണാൻ സാധിക്കും .

ഇത് ഇഖ്‌ലാബ് എന്ന പാരായണ നിയമത്തെയാണ് സൂചിപ്പിക്കുന്നത്. *അതായത് ഒരു സുക്കുനുള്ള നൂനിന്റെയോ , തൻവീനിന്റെയോ ശേഷം ബ എന്ന അക്ഷരമാണ് വരുന്നതെങ്കിൽ ആ പദത്തിലുള്ള സുക്കൂനുള്ള നൂനിനെ അല്ലെങ്കിൽ തൻവീനിൽ അടങ്ങിയിട്ടുള്ള നൂനിനെ മീം ആക്കി മാറ്റി മണിച്ചുച്ചരിക്കണം .*

ഉദാഹരണം *സൂറത്തു ഹുമസയിലെ 4 ആം വചനം:*





ഇവിടെ ലയുംബദന്ന (لَيُنۢبَذَنَّ) എന്ന പദത്തിൽ സുക്കൂനുള്ള നൂനിന് ശേഷം ബ എന്ന അക്ഷരം ആയതിനാൽ ആ നൂനിനെ മറിച്ചു മീം ആക്കി മാറ്റി. അവിടെ ആരെങ്കിലും ആ നൂനിനെ തന്നെ ഉച്ചരിച്ചാൽ ആ ഖിറാഅത്ത് സ്വഹീഹ് ആകുന്നതല്ല. അതായത്, ഓതേണ്ടത് യുൻബദന്ന എന്നല്ല, മറിച്ച് യും..ബദന്ന

എന്നാണ്. പ്രത്യേകം ശ്രദ്ധിക്കേണ്ടത് നൂനിനെ മീമാക്കി മാറ്റുക മാത്രമല്ല, മണിക്കുക ( غُنَّة ) കൂടി വേണം.

മറ്റു ചില ഉദാഹരണങ്ങൾ നോക്കാം:

*സൂറത്തു യാസീനിലെ 9 ആം വചനത്തിൽ;*




ഇവിടെ, പാരായണം ചെയ്യേണ്ടത് *മിൻ ബയ്നി* എന്നല്ല. മറിച്ച്, *മിം..ബയ്നി* എന്നാണ്. *(നൂനിന് പകരം വന്ന മീം മണിക്കാൻ മറക്കരുത്)*

സുകൂനുള്ള നൂനിന് ശേഷം ‘ബ’ എന്ന അക്ഷരം വന്നപ്പോൾ ഉള്ള ഉദാഹരണമാണ് ഇത്.. ഇനി തൻവീനിന് ശേഷം ‘ബ’ വന്നാലുള്ള പാരായണത്തിന് ഒരു ഉദാഹരണം കൂടി നമുക്ക് നോക്കാം..

*സൂറത്തുൽ ഹദീദിലെ 9 ആം വചനത്തിൽ;*




ഇവിടെ, ءَايَٰتٍ എന്ന പദത്തിലെ തൻവീനിന് ശേഷം ‘ബ’ വന്നു.. അപ്പോൾ പാരായണം ചെയ്യേണ്ടത് *ആയാതിൻ ബയ്യിനാത്* എന്നല്ല. മറിച്ച്, *ആയാതിം..ബയ്യിനാത്* എന്ന്, തൻവീനിലെ നൂനിനെ മീമാക്കി മാറ്റി മണിച്ച് പാരായണം ചെയ്യണം..




**സീൻ എന്ന ഈ അക്ഷരം സിക്ത എന്ന നിയമത്തെ കുറിക്കുന്നു. ശ്വാസം അയച്ചു ഒരു സ്ഥലത്തു നിർത്തുന്നതാണ് വഖ്ഫ് എങ്കിൽ ശ്വാസം അയക്കാതെ ശബ്ദം മുറിച്ച് അല്പം അടങ്ങുന്നതിനാണ് സിക്ത എന്ന് പറയുന്നത്.**

**ഉദാഹരണം: 1) *സൂറത്തു യാസീനിലെ 52 ആം വചനം:***

قَالُواْ يَٰوَيْلَنَا مَنۢ بَعَثَنَا مِن مَّرْقَدِنَاۜ هَٰذَا مَا وَعَدَ ٱلرَّحْمَٰنُ وَصَدَقَ ٱلْمُرْسَلُونَ ٥٢

**ഇവിടെ مَّرْقَدِنَاۜ എന്ന വാക്കിനു ശേഷം ശ്വാസം സ്വല്പം അയച്ചു നിർത്താതെ അടുത്ത വരികൾ കൂടി ഓതി പൂർത്തീകരിക്കണം.**

**ഖുർആനിൽ ഇത് നാല് സ്ഥലങ്ങളിലാണ് ഉള്ളത്.**

മറ്റുള്ള മൂന്ന് ആയത്തുകൾ കൂടി നോക്കാം..

2) സൂറത്തുൽ കഹ്ഫ് : ഒന്നാം വചനം.

ٱلۡحَمۡدُ لِلَّهِ ٱلَّذِيٓ أَنزَلَ عَلَىٰ عَبۡدِهِ ٱلۡكِتَٰبَ وَلَمۡ يَجۡعَل لَّهُۥ عِوَجَاۜ ١

3) സൂറത്തുൽ ഖിയാമ: 27 ആം വചനം.

وَقِيلَ مَنۡۜ رَاقٖ ٢٧

4) സൂറത്തുൽ മുതഫ്ഫിഫീൻ 14 ആം വചനം.

كَلَّاۖ بَلۡۜ رَانَ عَلَىٰ قُلُوبِهِم مَّا كَانُواْ يَكۡسِبُونَ ١٤


ഇവിടെയെല്ലാം, സിക്തയുടെ ചിഹ്നം കാണുന്നിടത്ത് ശ്വാസം വിടാതെ അൽപ്പം നിർത്തിയാണ് പാരായണം ചെയ്യേണ്ടത്.



**സ്വാദ് എന്ന അക്ഷരത്തിനു മുകളിലോ , താഴെയോ ആയി സീൻ എന്ന അക്ഷരം അടയാളപ്പെടുത്തിയതായി കാണാം.**


**ഇതുപോലെയുള്ള 3 പദങ്ങളാണുള്ളത്.**

1) **സൂറത്തുൽ ബഖറയിലെ 245 ആം ആയത്ത്**



مَّن ذَا ٱلَّذِي يُقۡرِضُ ٱللَّهَ قَرۡضًا حَسَنٗا فَيُضَٰعِفَهُۥ لَهُۥٓ أَضۡعَافٗا كَثِيرَةٗۚ وَٱللَّهُ يَقۡبِضُ وَيَبۡصُۜطُ
وَإِلَيۡهِ تُرۡجَعُونَ ٢٤٥

2) **സൂറത്തുൽ അഅറാഫിലെ 69 ആം ആയത്ത്**




أَوَعَجِبۡتُمۡ أَن جَآءَكُمۡ ذِكۡرٞ مِّن رَّبِّكُمۡ عَلَىٰ رَجُلٖ مِّنكُمۡ لِيُنذِرَكُمۡۚ وَٱذۡكُرُوٓاْ إِذۡ جَعَلَكُمۡ
خُلَفَآءَ مِنۢ بَعۡدِ قَوۡمِ نُوحٖ وَزَادَكُمۡ فِي ٱلۡخَلۡقِ بَصۜۡطَةٗۖ فَٱذۡكُرُوٓاْ ءَالَآءَ ٱللَّهِ لَعَلَّكُمۡ تُفۡلِحُونَ ٦٩

**ഈ രണ്ടു പദങ്ങളിലും സ്വാദ് എന്ന അക്ഷരത്തിനു മുകളിൽ സീൻ നൽകിയതായി കാണാം . ഈ രണ്ടു പദങ്ങളിലും സ്വാദിന്**

**പകരം സീൻ കൊണ്ടാണ് പാരായണം ചെയ്യേണ്ടത് എന്നാണ് ഈ അടയാളത്തിന്റെ വിവക്ഷ.**

**3) മൂന്നാമതായി സൂറത്തു ത്വൂർ ലെ 37 മത്തെ ആയത്ത്**



أَمْ عِندَهُمْ خَزَآئِنُ رَبِّكَ أَمْ هُمُ ٱلْمُصَيْطِرُونَ ٣٧

**ഇവിടെ സ്വാദിന് താഴെയായി സീൻ എന്ന അക്ഷരം നൽകിയത് കാണാം . ഈ ഭാഗത്തു സ്വാദു കൊണ്ടും സീൻ എന്ന അക്ഷരം കൊണ്ടും പാരായണം ചെയ്യാവുന്നതാണ്. എന്നാൽ ഇവിടെ സ്വാദ് കൊണ്ടാണ് പാരായണം ചെയ്യൽ ഏറ്റവും നല്ലത് എന്നാണ് ഈ അടയാളം കൊണ്ട് സൂചിപ്പിക്കുന്നത്.**

***ചില മുസ്ഹഫുകളിൽ സൂറത്തുൽ ഗാശിയയിലെ 22 ആം ആയത്തിൽ بِمُصَيْطِرٍ എന്ന പദത്തിൽ സ്വാദിന് താഴെ സീൻ നൽകിയതായി കാണുന്നുണ്ട്. ഇവിടെ സ്വാദ് എന്ന അക്ഷരം കൊണ്ട് തന്നെയാണ് പാരായണം ചെയ്യേണ്ടത്.***




ഖുർആനിൽ ചില സ്ഥലങ്ങളിൽ മുകളിൽ ഉള്ളത് പോലെ മൂന്നു കുത്തുകളുള്ള രണ്ടു പുള്ളികൾ അടുത്തടുത്ത് വന്നതായി കാണാം . ഇതിനു വഖ്ഫുൽ മുറാഖബ , വഖ്ഫുൽ മുആനഖ തുടങ്ങിയ പേരുകളിലറിയപ്പെടുന്നു.

ഇതുകൊണ്ടുള്ള ഉദ്ദേശം ഈ ഭാഗത്ത് രണ്ടിൽ ഒരു സ്ഥലത്തു വഖ്ഫ് ചെയ്യാമെന്നും , ഏതെങ്കിലും ഒരു സ്ഥലത്തു നിർത്തിയാൽ മറ്റേ സ്ഥലത്തു നിർത്തരുത് എന്നുമാണ്.

ഉദാഹരണമായി സൂറത്തു ബഖറയിലെ ആദ്യ ഭാഗത്ത്

ذَٰلِكَ ٱلۡكِتَٰبُ لَا رَيۡبَۛ فِيهِۛ هُدٗى لِّلۡمُتَّقِينَ ٢

ഈ ഭാഗത്തു لَا رَيۡبَ എന്ന് നിർത്തി ഓതാം , അല്ലെങ്കിൽ فِيهِ ആകുമ്പോൾ നിർത്താം . ശ്രദ്ധിക്കേണ്ടത് രണ്ടിടത്തും നിർത്തി ഓതാൻ പാടില്ല . ഒരിടത്തു മാത്രം നിർത്തി ഓതാവുന്നതാണ് .

ഇനിയൊരാൾ, ഈ രണ്ടു സ്ഥലത്തും നിർത്താതെ പാരായണം ചെയ്താൽ അതും അനുവദനീയമാണ്. പാരായണത്തിനിടയിൽ ഈ രണ്ടിടത്തും വഖ്ഫ് ചെയ്യലാണ് പാടില്ലാത്തത്..



ഈ ചിഹ്നം ഖുർആനിൽ ഏതാനും സ്ഥലങ്ങളിൽ നമുക്ക് കാണാൻ കഴിയും. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോഴുള്ള നബിചര്യയിൽ പെട്ടതാണ്, ചില ആയത്ത് പാരായണം ചെയ്തുകഴിയുമ്പോൾ പാരായണം നിർത്തിവെച്ച് സുജൂദ് ചെയ്യുകയെന്നുള്ളത്. ഇത് ( سجود التلاوة ) പാരായണത്തിന്റെ സുജൂദിനെ സൂചിപ്പിക്കുന്ന ചിഹ്നമാണ്.

ഇങ്ങനെ കാണപ്പെടുന്ന ആയത്തുകൾ പാരായണം ചെയ്യുമ്പോൾ സുജൂദ് ചെയ്യൽ നിർബന്ധമാണെന്ന് ചില പണ്ഢിതൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും, തിലാവത്തിന്റെ സുജൂദ് പ്രബലമായ സുന്നത്താണെന്ന അഭിപ്രായത്തിനാണ് പ്രമാണങ്ങളുടെ കൂടുതൽ പിൻബലമുള്ളത്. ( الله اعلم )

നമസ്ക്കാരത്തിൽ ഖുർആൻ പാരായണം നിർവ്വഹിക്കുമ്പോഴും സുജൂദിന്റെ ആയത്തുകളിൽ സുജൂദ് സുന്നത്താണ്. എന്നാൽ ഇമാം ഓത്തിന്റെ സുജൂദ് ചെയ്യുന്നില്ലെങ്കിൽ മഅ്മൂമിന് അത് ചെയ്യാൻ പാടില്ല. ഇമാം സുജൂദ് ചെയ്യുന്നുണ്ടെങ്കിൽ മഅ്മൂമിന് അതു ചെയ്യാതിരിക്കാനും നിവൃത്തിയില്ല. സാധാരണ നമസ്കാരത്തിൽ നിർവ്വഹിക്കുന്ന രണ്ട് സുജൂദ് ഇവിടില്ല.

**ഓത്തിന്റെ സുജൂദ് ഒന്നേയുള്ളൂ. നമസ്ക്കാരത്തിലാണെങ്കിലും അല്ലെങ്കിലും.**

**ഖുർആൻ പാരായണത്തിന്റെ സുജൂദിന്റെ എണ്ണം പതിനാലോ പതിനഞ്ചോ എന്നതിൽ അഭിപ്രായ വ്യത്യാസമുണ്ട്. സൂറ: സ്വാദിലെ ഇരുപത്തി നാലാമത്തെ ആയത്ത് തിലാവത്തിന്റെ സുജൂദാണോ അതല്ല, ശുക്റിന്റെ സുജൂദാണോ എന്നതിലാണ് അഭിപ്രായ വ്യത്യാസമുണ്ടായിട്ടുള്ളത്.**

## തിലാവത്തിന്റെ സുജൂദിലെ പ്രാർത്ഥന:

سَجَدَ وَجْهِي لِلَّذِي خَلَقَهُ وَصَوَّرَهُ وَشَقَّ سَمْعَهُ
وَبَصَرَهُ بِحَوْلِهِ وَقُوَّتِهِ، فَتَبَارَكَ اللهُ أَحْسَنُ الْخَالِقِينَ

سَجَدَ وَجْهِيَ لِلَّذِي خَلَقَهُ ، وَشَقَّ سَمْعَهُ وَبَصَرَهُ، بِحَوْلِهِ وَقُوَّتِهِ فَتَبَارَكَ اللهُ أَحْسَنُ الْخَالِقِينَ

*{സജദ വജ്ഹിയ ലില്ലദീ ഖലകഹു വ ശക്ക സംഅഹു വ ബസ്വറഹു, ബി ഹൌലിഹി വ കുവ്വതിഹി, ഫതബാറകല്ലാഹു അഹ്സനുൽ ഖാലികീൻ}*

[അർത്ഥം : എന്റെ മുഖത്തെ സൃഷ്ടിക്കുകയും കാഴ്ചയും കേൾവിയും അതിൽ സജ്ജീകരിക്കുകയും ചെയ്തത് ഏതൊരുവന്റെ ശക്തിയും കഴിവും കൊണ്ടാണോ, അവന് (അല്ലാഹുവിന്) എന്റെ മുഖം സുജൂദിൽ സാഷ്ടാംഗം ചെയ്തിരിക്കുന്നു. സൃഷ്ടിക്കുന്നതിൽ അത്യുത്തമനായ അല്ലാഹു എല്ലാ അനുഗ്രഹങ്ങളുടെയും നാഥനാകുന്നു.]

*[അബൂദാവൂദ് :1414]*

## <u>സുജൂദിന്റെ (തിലാവത്തിന്റെ) ആയത്തുകൾ;</u>

01) **സൂറ: 7, അഅ്റാഫ് ആയത്ത് 206**

02) **സൂറ: 13, അർ റഅ്ദ് ആയത്ത് 15**

03) **സൂറ: 16, അൻ നഹ്ൽ ആയത്ത് 50**

04) **സൂറ: 17, ഇസ്റാഅ് ആയത്ത് 109**

05) **സൂറ: 19, മർയം ആയത്ത് 58**

06) **സൂറ: 22, ഹജ്ജ് ആയത്ത് 18**

07) **സൂറ: 22, ഹജ്ജ് ആയത്ത് 77**

08) **സൂറ: 25, അൽ ഫുർഖാൻ ആയത്ത് 60**

09) **സൂറ: 27, നംല് ആയത്ത് 26**

10) **സൂറ: 32, സജദ ആയത്ത് 15**

11) **സൂറ: 38, സ്വാദ് ആയത്ത് 24 ***

12) **സൂറ: 41, ഫുസ്വിലത്ത് ആയത്ത് 38**

13) **സൂറ: 53, അന്നജ്മ് ആയത്ത് 62**

14) **സൂറ: 84, അൽ ഇൻശിഖാഖ് ആയത്ത് 21**

15) **സൂറ: 96, അൽ അലഖ് ആയത്ത് 19**

***തിലാവത്തിന്റെ സുജൂദാണോ അതല്ല, ശുക്റിന്റെ സുജൂദാണോ എന്നതിൽ അഭിപ്രായ വ്യത്യാസമുണ്ടായിട്ടുള്ളത് പതിനൊന്നാം നമ്പറിൽ കാണുന്ന ആയത്താണ്.**



മുസ്ഹഫുകളിലെ അലിഫിന്റെ മുകളിൽ കാണുന്ന അപൂർണ്ണമായ സ്വാദിന്റെ ചിഹ്നം ഉള്ള ഈ അക്ഷരം ഹംസത്തുൽ വസ്വിൽ എന്നറിയപ്പെടുന്ന പ്രത്യേക സ്വഭാവമുള്ള ഒരക്ഷരത്തെ അടയാളപ്പെടുത്തുന്നു .

അതായത് ഈ അലിഫ് മുൻപുള്ള പദവുമായി ചേർത്തോതുമ്പോൾ ഇതിനു ഉച്ചാരണം ഉണ്ടായിരിക്കുന്നതല്ല. ഇവിടെ നിന്നും തുടങ്ങിയാണ് ഓതുന്നതെങ്കിൽ യോജിച്ച ഹറക്കത്തു നൽകി ഉച്ചരിക്കേണ്ടതാണ്. ഇതിനു ഏതു ഹറക്കത്തു നൽകണം എന്നത് മനസ്സിലാക്കാൻ വിശദീകരണം ആവശ്യമാണ്. (അറബി ഭാഷാ ഗ്രാമറുമായി ബന്ധപ്പെട്ട വിഷാമായതിനാൽ അത് മറ്റൊരിടത്ത് വിശദീകരിക്കാം)

ٱللَّه، ٱلَّذِينَ، ٱلْحَمْدُ، ٱلْمُلْكُ

മുകളിൽ പറഞ്ഞ *അല്ലാഹു* , *അല്ലദീന* , *അൽഹംദു* , *അൽ മുൽക്കു* എന്നിവ പോലുള്ള പദങ്ങൾ ഫത്ഹ് നൽകി ഓതേണ്ടവയ്ക്ക് ഉദാഹരണങ്ങളാണ്.

ٱبْنِ، ٱبْنَتَ ، ٱمْرُؤٌ، ٱمْرَأَة

ٱسْم، ٱثْنَيْنِ، ٱثْنَتَا عَشْرَةَ

ഇവ, കിസർ നൽകി പാരായണം ചെയ്യേണ്ടവയ്ക്ക് ഉദാഹരണങ്ങളാണ്.

ٱدْخُلُوا۟ ٱلْجَنَّةَ

ഇത് ള്മ്മ് നൽകി പാരായണം ചെയ്യേണ്ടതിന് ഉദാഹരണമാണ്.

ഇനി ഹംസത്തുൽ വസ്വിലുമായി ശ്രദ്ധിക്കേണ്ടുന്ന രണ്ടു കാര്യങ്ങൾ:

ഒന്നാമതായി - ഫത്ഹോ , കെസറോ , ളമ്മോ ആയ തൻവീനുള്ള അക്ഷരത്തിനു ശേഷം ഈ ഹംസത്തുൽ വസ്ലിൽ വരുമ്പോൾ തൻവീനിൽ അടങ്ങിയിട്ടുള്ള നൂനിന് കെസർ നൽകിക്കൊണ്ടാണ് ഇവിടെ ഓതേണ്ടത്.

*ഉദാഹരണമായി: സൂറത്തുൽ കഹ്ഫ് -88 ആം വചനത്തിൽ;*




മുകളിലുള്ളത് ജസാ അൽ ഹുസ്ന എന്നോ, ജസാഅൻ അൽഹുസ്ന എന്നോ അല്ല, മറിച്ച് ജസാഅനിൽ ഹുസ്ന എന്നാണ് പാരായണം ചെയ്യേണ്ടത്.

മറ്റൊരുദാഹരണം: സൂറത്തു സ്വാഫ്ഫാത് 6 ആം വചനം.



ഇവിടെ, പാരായണം ചെയ്യേണ്ടത് ബി സീനത്തിൽ കവാക്കിബ് എന്നോ, ബി സീനത്തിൻ അൽകവാക്കിബ് എന്നോ അല്ല. മറിച്ച്, ബി സീനത്തിനിൽ കവാക്കിബ് എന്നാണ്.

മറ്റൊരുദാഹരണം: സൂറത്തു തൗബ 30 ആം വചനം.



ഇവിടെ പാരായണം ചെയ്യേണ്ടത് ഉസൈറുബ്നുല്ലാഹ് എന്നല്ല. മറിച്ച്, ഉസൈറുനിബ്നുല്ലാഹ് എന്നതാണ് ശരിയായ രൂപം.

*ചില മുസ്ഹഫുകളിൽ ഇങ്ങനെയുള്ള ഭാഗത്ത് കെസർ ഉള്ള ഒരു നൂൻ എഴുതി അടയാളം തന്നിട്ടുണ്ടാകും. മുകളിൽ*

*തന്നിട്ടുള്ള ആയത്തുകളിൽ 'നി' എന്ന് ഉച്ചാരണം വരാതെ ആണ് ഓതുന്നതെങ്കിൽ അത് തെറ്റായ രൂപമാണ്.*

**രണ്ടാമതായി ശ്രദ്ധിക്കേണ്ടത് ഹംസത്തുൽ വസ്ലിലിന് ശേഷം സുക്കൂനുള്ള മറ്റൊരു ഹംസ് വരുന്ന സ്ഥലങ്ങളിൽ അതിനു ശേഷം വരുന്ന അക്ഷരത്തിനു അസ്‌ലി യ്യായ ള്ളമ്മാണ് വരുന്നതെങ്കിൽ ഹംസത്തുൽ വസ്ലിലിന് ളമ്മ് നൽകുന്നതിനോടൊപ്പം അതിനോട് യോജിപ്പിച്ചു കൊണ്ട് ഈ സുക്കുനുള്ള ഹംസിനെ വാവ് ആക്കിമാറ്റിയാണ് അവിടെ നിന്നും തുടങ്ങുമ്പോൾ ഓതേണ്ടത്.**

**ഉദാഹരണം:** ***സൂറത്തു ബഖറയിലെ 283 ആം വചനത്തിൽ.***




**യുവദ്ധില്ലദിഅ്തുമിന എന്നു കാണുന്ന സ്ഥലത്തു പാരായണം ചെയ്യേണ്ടത്, ഉഅ്തുമിന എന്നല്ല, മറിച്ച് ഊതുമിന എന്നാണ് ആ പദത്തിൽ നിന്നും തുടങ്ങി ഓതുമ്പോൾ ഓതേണ്ടത്.**

**ഇത്തരം ഒരു സ്ഥലം മാത്രമേ ഖുർആനിൽ വന്നിട്ടുള്ളൂ .**

**എന്നാൽ സുക്കൂനുള്ള ഈ ഹംസിനു ശേഷം അടിസ്ഥാനപരമല്ലാത്ത ളമ്മോ , ഫത്ഹോ , കെസറോ വരുന്ന പക്ഷം ഈ സുക്കൂനുള്ള ഹംസിനെ യാഅ് ആക്കി മാറ്റിയാണ് അവിടെ നിന്നും തുടങ്ങി ഓതേണ്ടത്.**

ഉദാഹരണം : *സൂറത്തുൽ അഹ്ഖാഫിലെ 4 ആം വചനം.*

أَمْ لَهُمْ شِرْكٌ فِي ٱلسَّمَٰوَٰتِ ۖ ٱئْتُونِي

ഫിസ്സമാവാതിഅ്തൂനീ എന്ന് നാം ചേർത്തു പാരായണം ചെയ്യുന്ന ഈ ഭാഗത്ത്, ഫിസ്സമാവാത് എന്നിടത്തു നിർത്തി ബാക്കിയാണ് ഓതുന്നതെങ്കിൽ, ഇഅ്തൂനീ എന്നല്ല; മറിച്ച് ഈതൂനീ എന്നാണ് പാരായണം ചെയ്യേണ്ടത്.

ഇത്തരം പത്തിലധികം സ്ഥലങ്ങൾ വിശുദ്ധ ഖുർആനിൽ വന്നിട്ടുണ്ട്.



അലിഫിന്റെ മുകളിൽ കാണുന്ന കുത്തനെ നീളത്തിലുള്ള ഈ പൂജ്യം പോലുള്ള ചിഹ്നം, ഈ അലിഫ് ചേർത്തോതുമ്പോൾ ഉച്ചരിക്കേണ്ടതല്ലെന്നും ആ പദങ്ങളിൽ വഖ്ഫ് ചെയ്യുമ്പോൾ അലിഫ് ഉച്ചരിക്കണമെന്നും അറിയിക്കുന്നു.



&




ഒന്നാമതായി - മുസ്ഹഫുകളിൽ അനാ എന്ന പദത്തിന് ശേഷം ഈ ചിഹ്നം കാണാൻ സാധിക്കും . അതായത് അവ ചേർത്തോതുമ്പോൾ അലിഫ് ഉച്ചരിക്കാതെ അന അക്സർ , അന ആത്തീക്ക എന്നിങ്ങനെയാണ് ഓതേണ്ടത്.

ഇനി നിർത്തുന്ന പക്ഷം അലിഫ് ഉച്ചരിച്ചു കൊണ്ട് അനാ എന്ന് വഖ്ഫ് ചെയ്യുകയാണ് വേണ്ടത് . ഈ ചിഹ്നം വന്നാൽ അവിടെ നിർത്തണം എന്നല്ല ഇവിടുത്തെ നിയമം. ശ്വാസക്കുറവ് പോലെയൊക്കെ ഉള്ളപ്പോൾ നിർത്താം എന്ന് മാത്രം.


മറ്റു ഉദാഹരങ്ങൾ :

1) സൂറത്തുൽ കഹ്ഫിലെ 38



لَّٰكِنَّا۠ هُوَ ٱللَّهُ رَبِّي وَلَآ أُشۡرِكُ بِرَبِّيٓ أَحَدٗا ٣٨

2) സൂറത്തുൽ ഇൻസാനിലെ 15




وَيُطَافُ عَلَيۡهِم بِـَٔانِيَةٖ مِّن فِضَّةٖ وَأَكۡوَابٖ كَانَتۡ قَوَارِيرَا۠ ١٥

3) സൂറത്തുൽ അഹ്സാബിലെ 10



وَتَظُنُّونَ بِٱللَّهِ ٱلظُّنُونَا۠ ١٠ هُنَالِكَ ٱبۡتُلِيَ ٱلۡمُؤۡمِنُونَ

4) സൂറത്തുൽ അഹ്സാബിലെ 66, 67



يَوۡمَ تُقَلَّبُ وُجُوهُهُمۡ فِي ٱلنَّارِ يَقُولُونَ يَٰلَيۡتَنَآ أَطَعۡنَا ٱللَّهَ وَأَطَعۡنَا ٱلرَّسُولَا۠ ٦٦
وَقَالُواْ رَبَّنَآ إِنَّآ أَطَعۡنَا سَادَتَنَا وَكُبَرَآءَنَا فَأَضَلُّونَا ٱلسَّبِيلَا۠ ٦٧

മുകളിൽ പറഞ്ഞ അഞ്ച് ആയത്തുകളിലാണ് ഈ ചിഹ്നം വന്നിട്ടുള്ളത്.




മുസ്ഹഫുകളിൽ ഇങ്ങനെയുള്ള ചിഹ്നങ്ങൾ അലിഫ് , വാവ് , യാഅ് എന്നീ അക്ഷരങ്ങക്ക് മുകളിലായി പല ഭാഗങ്ങളിലും കാണാൻ സാധിക്കും. ധാരാളമായി കാണുന്ന ഈ ചിഹ്നത്തിന്റെ ഉദ്ദേശം ഇത് ചേർത്തോതുമ്പോഴോ , വഖ്ഫ് ചെയ്യുമ്പോഴോ എന്ന വ്യത്യാസമില്ലാതെ ഒരു സമയത്തും ഉച്ചരിക്കുന്നില്ല എന്നാണ്.

ഉദാഹരണമായി: സൂറത്തുൽ ബഖറ – 5 ആം വചനം.





വാവ് എന്ന അക്ഷരത്തിന്റെ മുകളിൽ ചെറിയ പൂജ്യം കാണാൻ സാധിക്കുന്നു. ഇവിടെ ഓതുമ്പോൾ ഊലാഇക്ക എന്നല്ല , ഉലാഇക്ക എന്നാണ് ഓതേണ്ടത്.

ഈ ചിഹ്നം മനസ്സിലാക്കി ശ്രദ്ധിച്ചോതിയില്ലെങ്കിൽ തെറ്റ് വരാനുള്ള സാധ്യത വളരെ കൂടുതലാണ്.


ഈ ചിഹ്നം വരുന്ന ചില സ്ഥലങ്ങൾ പരിചയപ്പെടാം:

1) **സൂറത്തുൽ അഅ്റാഫ് 103**




**ഇവിടെ,** മലഊഹി എന്ന് പറഞ്ഞാൽ തെറ്റാണ്. **ചേർത്തോതുമ്പോഴാണെങ്കിൽ** മലഇഹീ **എന്നും വഖ്ഫ് ചെയ്യുകയാണെങ്കിൽ** മലഇഹ് **എന്നുമാണ് ഓതേണ്ടത്.**


2) **സൂറത്തുൽ ഫജ്ർ 23**




3) **സൂറത്തു – ദ്ദാരിയാത് 47**



4) സൂറത്തുൽ കഹ്ഫ് 23


وَلَا تَقُولَنَّ لِشَاْىۡءٍ إِنِّي فَاعِلٌ ذَٰلِكَ غَدًا

5) സൂറത്തുൽ അൻആം 34


وَلَقَدۡ جَآءَكَ مِن نَّبَإِيْ ٱلۡمُرۡسَلِينَ

ഈ ആയത്തിൽ നബ ഈൽ മുർസലീൻ എന്നും ഓതുന്നവരുണ്ട് . നബഇൽ എന്നാണ് ശെരിയായ രൂപം.


6) സൂറത്തുൽ അഹ്സാബ് 56


يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ صَلُّواْ عَلَيۡهِ وَسَلِّمُواْ تَسۡلِيمًا ٥٦

ഈ ആയത്തിൽ ആമനൂ , സ്വല്ലൂ , സല്ലിമൂ എന്ന ഭാഗങ്ങളിൽ അലിഫ് വന്നത് കൊണ്ട് കൂടുതൽ നീട്ടി ഓതുന്നവരുമുണ്ട് . അത് തെറ്റായ രീതിയാണ്.



സൂറത്തുൽ ഹൂദിലെ 41 ആം ആയത്തിൽ മജ് രേഹാ എന്ന പദത്തിന് താഴെ കാണുന്ന ചിഹ്നം ഇമാലത്ത് എന്ന നിയമത്തെ സൂചിപ്പിക്കുന്നു. ഖുർആനിലെ മറ്റെല്ലാ പദങ്ങളിലും നിന്ന് വ്യത്യസ്തമായി ഫത്ഹോ , കെസാറോ , ളമ്മോ അല്ലാതെ - ഫത്ഹിനും കെസറിനും മദ്ധ്യേ വരുന്ന ഒരു സ്വരമാണ് ഇമാലത്ത് അഥവാ ഇമാലത്തുൽ കുബ്റാ എന്നറിയപ്പെടുന്നത്.





അതായത് ഇവിടെ റാ എന്നതിന്റെയും , രീ എന്നതിന്റേയും ഇടയിലായി രേ എന്ന ശബ്ദം നൽകി മജ് രേഹാ വ മുർസാഹാ എന്നാണ് പാരായണം ചെയ്യേണ്ടത്.

*<u>ഇവിടെ കെസർ ഉള്ള റാഉനെ പോലെ ശബ്ദം നേർപ്പിച്ചു രേ എന്നാണ് ഉച്ചരിക്കേണ്ടത്. റേ എന്ന് കനപ്പിച്ചു ഉച്ചരിക്കുവാൻ പാടില്ല.</u>* ഒരു അറബ് ഗോത്രത്തിന്റെ ഉച്ചാരണ ശൈലിയോട് യോജിച്ചു കൊണ്ടാണ് ഈ പദത്തിൽ പാരായണം വന്നിട്ടുള്ളത്.

ഇതേ ചിഹ്നം തന്നെ, മറ്റൊരു ആയത്തിൽ മറ്റൊരു നിയമം സൂചിപ്പിക്കുവാനും ഉപയോഗിച്ചിട്ടുണ്ട്..

സൂറത്തു യൂസുഫിലെ 11 ആം ആയത്തിൽ <u>തഅ് മന്നാ</u> എന്ന പദത്തിലെ മീമിന് മുകളിൽ കാണുന്ന ചെറിയ ചതുരത്തിലുള്ള ആ ചിഹ്നം <u>ഇഷ്മാം</u> എന്ന നിയമത്തെ സൂചിപ്പിക്കുന്നു.


قَالُوا۟ يَـٰٓأَبَانَا مَا لَكَ لَا تَأْمَ۫نَّا عَلَىٰ يُوسُفَ وَإِنَّا لَهُۥ لَنَـٰصِحُونَ ١١

അതായത് തഅ് മന്നാ എന്ന പദത്തിൽ <u>മീം ഉച്ചരിച്ച ശേഷം നൂനിന് വേണ്ടി മണിക്കുന്ന സമയത്ത് ളമ്മ് ഉള്ള അക്ഷരം ഉച്ചരിക്കുമ്പോൾ ചെയ്യുന്നതുപോലെ ചുണ്ട് മുൻപോട്ടു കൂട്ടുന്നതിനെയായാണ് ഇഷ്മാം എന്ന് പറയുന്നത്.</u>

‘ലാ തഅ് മന്നാ’ എന്നതിന്റെ അടിസ്ഥാന പദം ‘ലാ തഅ് മനുനാ’ എന്നാണ്.


لَا تَأْمَنُنَا

തരിമൂക്കിന്റെ സഹായത്തോടെ ഉച്ചരിക്കുന്ന മൂന്ന് അക്ഷരങ്ങൾ അടുത്തടുത്തു വരുമ്പോൾ ഉച്ചാരണം പ്രയാസമാകുന്നത് കൊണ്ട് '**തഅ് മനുനാ**' എന്ന പദത്തിലെ ആദ്യത്തെ നൂനിനെ അടുത്ത നൂനിൻ ലയിപ്പിച്ച് ശദ്ദുള്ള ഒറ്റ നൂനാക്കി കൊണ്ടാണ് ഇവിടെ ഓതുന്നത്.


'**തഅ് മനുനാ**' എന്നാണ് അടിസ്ഥാന പദമെന്ന് ഓതുന്ന ശ്രോദ്ധാവിന് മനസ്സിലാക്കാനാണ് ഇഷ്മാം എന്ന ചിഹ്നം ഉപയോഗിക്കുന്നത്. *എന്നാൽ ഇഷ്മാം ചെയ്യുമ്പോൾ ശബ്ദത്തിൽ യാതൊരു വ്യത്യാസവും ഉണ്ടാവുകയില്ല.*



മുസ്ഹഫിൽ പല അക്ഷരങ്ങൾക്ക് മുകളിൽ കാണുന്ന ഈ ചിഹ്നം അലിഫ് സഗീറാ അഥവാ ചെറിയ അലിഫ് എന്ന പേരിലറിയപ്പെടുന്നു.

ഖുർആനിന്റെ എഴുത്തിൽ ഇല്ലാത്തതും എന്നാൽ ഉച്ചാരണത്തിൽ അലിഫ് കൊണ്ട് വരേണ്ടതുമായ സ്ഥലങ്ങളിലാണ് ഈ ചിഹ്നം നൽകിയിട്ടുള്ളത്.

ഉദാഹരണം: സൂറത്തുൽ ഫാത്തിഹ 4




ചില ഉദാഹരണങ്ങൾ കൂടി നോക്കാം:





ഫത്ഹ് ഉള്ള അക്ഷരത്തെ നീട്ടാൻ അലിഫിനു പകരം വാവോ , യാഓ വന്ന സ്ഥലങ്ങളിൽ ആ വാവിനും, യാഉനും മുകളിലാണ് ഈ ചെറിയ അലിഫ് ചിഹ്നം നൽകിയിട്ടുള്ളത്.

അതുകൊണ്ടു തന്നെ വാവിന്റെയോ , പുള്ളിയില്ലാത്ത യാഇന്റെയോ മുകളിൽ ഈ ചിഹ്നം വന്നാൽ വാവോ , യാഓ ഉച്ചരിക്കേണ്ടതില്ല . മുൻപുള്ള അക്ഷരത്തെ നീട്ടുകയാണ് വേണ്ടത്.

മുകളിൽ തന്നിരിക്കുന്ന ഉദാഹരങ്ങളിൽ അസ്വലാതു എന്നതിന് പകരം അസ്വലവാത്തു എന്ന് ഉച്ചരിക്കുന്നത് തെറ്റാണ്.

ഇനി, അക്ഷരങ്ങളെ നീട്ടാൻ വേണ്ടിയല്ലാത്ത വാവിന് മുകളിൽ അലിഫ് സഗീറ വരുന്നത് പ്രത്യേകം ശ്രദ്ധിക്കുക.




സൂറത്തുൽ ബഖറയിലെ 238 ആം വചനമാണിത്.

ഇതിൽ 'അല സ്സ്വലവാതി' എന്നതും 'വസ്സ്വലാതി' എന്നതും തമ്മിലുള്ള വ്യത്യാസം നോക്കി മനസ്സിലാക്കുക. ഇത് പാരായണം ചെയ്യേണ്ടത് 'ഹാഫിള്വൂ അല സ്സ്വലവാതി വസ്സ്വലാത്തിൽ വുസ്ത്വാ'

എന്നാണ്. അതായത്, ഇതിൽ ആദ്യത്തേതിൽ ഹറകത് ഉള്ള വാവിന് മുകളിലാണ് അലിഫ് സഗീറ വന്നിട്ടുള്ളത് എന്നു കാണാം. അവിടെ, ആ വാവ് ഉച്ഛരിച്ചു തന്നെ പാരായണം ചെയ്യാം.

അഥവാ, 'അല സ്സ്വലവാത്തി' എന്ന്. രണ്ടാമത്തേത് 'വസ്സ്വലാത്തി'

എന്നുമാണ് പാരായണം ചെയ്യുന്നത്.. (രണ്ടിലും ഉള്ള വ്യത്യാസം ആ ആയത്ത് നോക്കി മനസ്സിലാക്കുക.)



ഖുർആനിന്റെ എഴുത്തിൽ ഇല്ലാത്തതും എന്നാൽ ഉച്ചാരണത്തിൽ കൊണ്ടുവരേണ്ടതുമായ യാഇനെയും , വാവിനെയും സൂചിപ്പിക്കാനാണ് യാഅ് സഗീറാ , വാവ് സഗീറാ അഥവാ ചെറിയ വാവ് , ചെറിയ യാഅ് എന്നിവ വന്നിട്ടുള്ളത്.

ഉദാഹരണം: *സൂറത്തു ആലു ഇമ്രാൻ (78)*





ഇവിടെ 'യൽവുന' എന്നല്ല, 'യൽവൂന' എന്നാണ് ഓതേണ്ടത്.

മറ്റു ചില ഉദാഹരണങ്ങൾ നോക്കാം:

സൂറത്തു സജദ (18) ൽ. -




സൂറത്തു ഖുറൈശ് (2) ൽ -



**സൂറത്തു ഗാഫിർ (18) ൽ** - يُحْيِۦ وَيُمِيتُ

**സൂറത്തു ബഖറ (49) ൽ** - وَيَسْتَحْيِۦ نِسَآءَهُمْ

**സൂറത്തു നംല് (36) ൽ** - فَمَآ ءَاتَىٰنِۦَ ٱللَّهُ

**സൂറത്തു അഅ് റാഫ് (196) -** إِنَّ وَلِـِّۦَ ٱللَّهُ

**ഇതുപോലെ, ഖുർആനിൽ ഒരുപാട് സ്ഥലങ്ങളിൽ നമുക്ക് ഉദാഹരണങ്ങൾ കാണാൻ കഴിയും..**

★~~~~~~~~~~~~~~~~★

***വളരെ ഉപകാരപ്രദമായ ഈയൊരു അറിവ് നിങ്ങളിലേക്ക് എത്തിക്കാൻ കാരണക്കാരായ ഓരോരുത്തർക്കും, ഇതിനു പിന്നിൽ പ്രയത്നിച്ച എല്ലാവർക്കും റബ്ബ് ഇതൊരു സ്വീകാര്യപ്രദമായ , പരലോകത്ത് ഉപകരിക്കുന്ന സത്കർമ്മമായി രേഖപ്പെടുത്തുമാറാകട്ടെ.. ആമീൻ..***